# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1323 — 12.03.2015-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.മുരളീധരൻ<br>,, പാലോട് രവി<br>,, എം.എ.വാഹിദ്<br>,, ആർ.സെൽവരാജ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) DMRC തയ്യാറാക്കിയ വിശദമായ രൂപരേഖ പ്ലാനിംഗ് ബോർഡ് പരിശോധിക്കുകയും അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ DMRC ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) മോണോറെയിൽ പദ്ധതി നിർവ്വഹണത്തിനായി രൂപീകരിച്ച SPV പുനർനാമകരണം ചെയ്ത് കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ എന്ന പേരിൽ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ; | (സി) ഭരണാനുമതി ലഭ്യമാക്കിയശേഷം ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കുന്നതാണ്. |
| (ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരുന്ന മോണോറെയിൽ പദ്ധതി, ലൈറ്റ് മെട്രോ പദ്ധതിയായി നടപ്പിലാക്കാൻ കൺസൾട്ടന്റായ DMRC, സർക്കാരിന് ശുപാർശ നൽകി. ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനും, ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് നീങ്ങുകയാണ്. |

സെക്ഷൻ ഓഫീസർ